LIBRARY ARCHIVES Kerala Legislative Assembly

## പോക്സോ കേസ്സിലെ പ്രതികളുടെ അഭിഭാഷകനെ ജില്ലാ ശിശുക്ഷേമ സമിതി ചെയർമാനായി നിയമിച്ച നടപടി

245(3720) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാറിൽ പീഡനത്തെതുടർന്ന് പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ ആത്മഹത്യ ചെയ്ത കേസിലെ പ്രതികൾക്കായി പാലക്കാട് ജില്ല ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അഡ്വക്കേറ്റ് എൻ. രാജേഷ് കോടതിയിൽ ഹാജരായി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസിലെ പ്രതി പ്രദീപ്കുമാറിന് വേണ്ടി വക്കാലത്ത് ഉള്ള അഡ്വ. എൻ. രാജേഷിനെ പാലക്കാട് ജില്ലാ ശിശുക്ഷേമസമിതി ചെയർമാനായി നിയമിച്ചത് ഏത് സാഹചര്യത്തിലാണ്;

(സി) പോക്സോ കേസിലെ പ്രതികളുടെ വക്കാലത്ത് ഏറ്റെടുത്ത വ്യക്തിയെ ശിശുക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായി നിയമിച്ച നടപടി പുന:പരിശോധിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അഡ്വക്കേറ്റ് എൻ. രാജേഷ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ മനുഷ്യാവകാശങ്ങളോ കുട്ടികളുടെ അവകാശങ്ങളോ ലംഘിച്ചിട്ടില്ലെന്നും സദാചാര വിരുദ്ധമായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നും കേന്ദ്ര-സംസ്ഥാന സർക്കാർ സേവനത്തിൽനിന്നോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽനിന്നോ ഒഴിവാക്കുകയോ പിരിച്ചുവിടുകയോ ചെയ്യപ്പെട്ട വ്യക്തിയല്ലെന്നും കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുകയോ കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിക്കുകയോ മനുഷ്യാവകാശ ലംഘനങ്ങൾ, സദാചാര വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലായെന്നും സത്യവാങ്മൂലം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂവിന് ക്ഷണിക്കുകയും ഇന്റർവ്യൂവിന് ലഭ്യമായ മാർക്കിന്റെ അടിസ്ഥാനത്തിൽ ചെയർമാൻ സ്ഥാനം നൽകുകയും ചെയ്തു.

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നു.